**ഭരണഭാഷ-മാതൃഭാഷ**

എ5/67/റ്റിസി/2019

ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം, കേരളം
തിയതി 09.12.2019

## പരിപത്രം 13/2019

**വിഷയം :- മോട്ടോർ വാഹന വകുപ്പ്-ജീവനക്കാര്യം- e-vacancy software മുഖേന ഒഴിവുകള് റിപ്പൊർട്ട് ചെയ്യുന്നത്- നിർദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്**

**പരാമർശം :- 1. 27.08.2019ലെ ഉപ.സി 3/141/2017/ഉ.ഭ.പ.വ നമ്പർ സർക്കാർ പരിപത്രം**

കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വഴിയുള്ള തെരഞ്ഞെടുപ്പ് നടപടികൾ വേഗത്തിലാക്കുവാനായി എല്ലാ ഒഴിവുകളും e-vacancy software മുഖേന മാത്രം അറിയിക്കുന്നത് സംബന്ധിച്ച് വിവിധ പരിപത്രങ്ങൾ ഉദ്യോഗസ്ഥ ഭരണപരിഷക്കാര വകുപ്പ് പുറപ്പെടുവിക്കുകയും അന്തിമ തിയതി വിവിധ കാരണങ്ങളാൽ നീട്ടി നൽകുകയും ചെയുതിരുന്നു. പരാമർശത്തിലെ പരിപത്രപ്രകാരം 01.09.2019 മുതൽ തപാൽ/ഇ-മെയിൽ മുഖേന ഒഴിവുകൾ അറിയിക്കുന്ന രീതി നിർത്തലാക്കുന്നതായും **e-vacancy software** മുഖേന മാത്രമേ ഒഴിവുകൾ സ്വീകരിക്കുകയുള്ളു എന്ന് അറിയിച്ചുവെങ്കിലും നീട്ടി നൽകിയിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിലേക്ക് വകുപ്പും മാറേണ്ടി വരും എന്നതിനാൽ കാലവിളംബം കുടാതെ ടി സംവിധാനത്തിലേക്ക് മാറുവാൻ വകുപ്പ് തീരുമാനിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥനത്തിൽ താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

1 . 01.01.2020 മുതൽ നിലവിൽ വരുന്ന എല്ലാ ഒഴിവുകളും e -vaccancy മുഖേന മാത്രമേ റിപ്പോർട്ട് ചെയ്യാൻ പാടുള്ളു. നിലവിൽ കത്ത്/ഇമെയിൽ മുഖേന റിപ്പോർട്ട് ചെയ്തതും എന്നാൽ നിയമനം നടക്കാത്തതുമായ ഒഴിവുകൾ വീണ്ടും ഓൺലൈനായി റിപ്പോർട്ട് ചെയ്യേണ്ടതില്ല.

2. ഓഫീസ് മേധാവിയെ നിയമന അധികാരി ആക്കിക്കൊണ്ടും എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ ക്ലർക്കിനെ എൻടി ലെവൽ യൂസർ ആക്കി കൊണ്ടും യുസർ നെയിം പാസ്സ്‌വേർഡ് എന്നിവ നൽകുന്നതാണ്. നിലവിൽ ഈ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും ഫോൺ നമ്പറും ആകും പ്രൊഫൈലിൽ ഉണ്ടാകുക. പ്രമോഷൻ/ട്രാൻസ്ഫർ /റിട്ടയർമെന്റ് എന്നീ സാഹചര്യങ്ങളിൽ യുസർ നെയിം പാസ്സ്‌വേർഡ് എന്നിവ നിർബന്ധമായും ചുമതല ഏൽക്കുന്ന ഉദ്യോഗസ്ഥന് നൽകേണ്ടതും ടി ഉദ്യോഗസ്ഥന്റെ പേര്, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ VMU (Vaccancy Master User )നെ അറിയിക്കേണ്ടതാണ്. VMU (Vaccancy Master User) നെ ബന്ധപ്പെടുവാനുള്ള വിലാസവും ഫോൺ നമ്പറും എല്ലാ പ്രൊഫൈയിലിലും ലഭ്യമാണ്. ഉദ്യോഗസ്ഥർ മാറുന്ന വിവരം VMU (Vaccancy Master User )നെ അറിയിക്കേണ്ട ചുമതല എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനായിരിക്കും.

3 ഒഴിവ് വിവരങ്ങൾ ചേർക്കുന്ന പ്രക്രിയ തുടങ്ങുവാൻ എൻടി ലെവൽ യൂസറിന് മാത്രമേ സാധിക്കുകയുള്ളു. നിലവിൽ പി എസ് സിക്ക് അയച്ച് നൽകുന്ന അർത്ഥനാപത്രത്തിലെ (perfoma ) എല്ലാ വിവരങ്ങളും vaccany എന്ന വിൻഡോയിൽ എൻടി ലെവൽ യൂസറിന് ചേർക്കാവുന്നതാണ്. രണ്ട് പേജുകളിലായി വിവരങ്ങൾ എല്ലാം ചേർത്ത് കഴിഞ്ഞാൽ അപ്പോയിന്റിങ് അതോറിറ്റിക്ക് സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.സമർപ്പണം പൂർത്തിയാകുവാൻ എൻടി ലെവൽ' യൂസറിന്റെ മൊബൈലിൽ ലഭിക്കുന്ന OTP നൽകേണ്ടതാണ്.

4. എൻടി ലെവൽ യൂസർ സമർപ്പിച്ച അപേക്ഷ അപ്പോയിന്റിങ് അതോറിറ്റിയുടെ ലോഗിനിൽ ലഭ്യമാകുന്നതാണ്. ആയത് പരിശോധിച്ച് പൂർണ്ണവും കൃത്യവും ആണ് എന്ന്

ഉറപ്പ് വരുത്തിയ ശേഷം പി എസ് സിക്ക് സമർപ്പിക്കാവുന്നതാണ്. തെറ്റുള്ള പക്ഷം ആയതു തിരുത്തിയ ശേഷം മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളൂ. അപേക്ഷ സമർപ്പണം പൂർത്തിയാകുവാൻ മൊബൈലിൽ ലഭിക്കുന്ന OTP നൽകേണ്ടതാണ്.

e -vaccancy സംവിധാനത്തിന്റെ ഘട്ടം ഘട്ടമായുള്ള പ്രവർത്തനം വിശദീകരിക്കുന്ന യൂസർ മാന്വൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. ലോഗിൻ മുതൽ സബ്മിഷൻ വരെയുള്ള പ്രവർത്തികൾക്ക് OTP ആവശ്യമാണ്. ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും അപേക്ഷയോടൊപ്പം സമർപ്പിക്കപ്പെടുന്നുണ്ട്. ആയതിനാൽ നിയമന അധികാരിയുടെയും എൻട്രി ലെവൽ യൂസറിന്റെയും വിവരങ്ങൾ കൃത്യമാണ് എന്ന് ഓഫീസ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. ഈ സംവിധാനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ VMU (Vaccancy Master User )നെ അറിയിക്കേണ്ടതാണ്.

ഒപ്പ്/-

ഗതാഗത കമ്മീഷണർ

സ്വീകർത്താവ്

1.എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ

2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്